**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3369**
**25.06.2012–ലെ മറുപടിക്ക്**
**ട്രഷറികളിൽ എ.ടി.എം കൗണ്ടറുകൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.തിലോത്തമൻ | | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ. കെ.എം. മാണി |
| എ) | സംസ്ഥാനത്തെ ട്രഷറികളെ പരസ്പരം ബന്ധപ്പെടുത്തി എ.റ്റി.എം കൗണ്ടറുകൾ ആരംഭിക്കുന്നതിന് മുൻ സർക്കാർ എടുത്ത തീരുമാനം ഏതു ഘട്ടം വരെയായി എന്നു വ്യക്തമാക്കാമോ; ഏതെല്ലാം ട്രഷറികളിലാണ് എ.റ്റി.എം സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ; | സംസ്ഥാനത്തെ ട്രഷറികളെ പരസ്പരം ബന്ധിപ്പിക്കുന്ന നെറ്റ്വർക്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് ടെൻഡറുകൾ ക്ഷണിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ട്രഷറി എ.റ്റി.എം, ട്രഷറി കോർ ബാങ്കിംഗ് എന്നിവ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനായി നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിന്റെ നടപടികൾ പുരോഗമിച്ചു വരുന്നു. ഏതെല്ലാം ട്രഷറികളിലാണ് എ.റ്റി.എം സ്ഥാപിക്കേണ്ടതെന്ന് സർക്കാർ തീരുമാനം എടുത്തിട്ടില്ല. |
| ബി) | ചേർത്തല സബ് ട്രഷറിയിൽ അടിയന്തിരമായി എ.റ്റി.എം കൗണ്ടർ സ്ഥാപിച്ച് ട്രഷറി അക്കൗണ്ടുകളിൽ നിന്നും പെൻഷൻ വാങ്ങാൻ കാത്തു നിൽക്കുന്ന പ്രായമായ ആളുകളുടെ ബുദ്ധിമുട്ട് ഒഴിവാക്കുവാൻ അടയിന്തിര നടപടി സ്വീകരിക്കുമോ? | ട്രഷറികളിൽ എ.റ്റി.എം സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. |

Baijuraj

**സെക്ഷൻ ഓഫീസർ**